# KERALA POLICE INFORMATION CENTRE

**No.** 23/PIC/PHQ/10 **Date : 10/03/2010**

## കുട്ടികൾ ചതിക്കുഴികളിൽ വീഴാതിരിക്കാൻ രക്ഷകർത്താക്കൾ ജാഗ്രത കാണിക്കണം

അടുത്തകാലത്തായി കൗമാരക്കാരായ കുട്ടികൾ ആത്മഹത്യചെയ്യുന്ന നിരവധി സംഭവങ്ങൾ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇങ്ങനെ മരണപ്പെടുന്നവരിൽ കൂടുതലും വിദ്യാർത്ഥിനികളാണ്. സാമൂഹിക വിപത്തായി മാറിക്കൊണ്ടിരിക്കുന്ന കൗമാര ആത്മഹത്യയ്ക്കെതിരെ ശക്തമായ പ്രതിരോധം സൃഷ്ടിക്കുന്നതിന് രക്ഷകർത്താക്കൾ, അധ്യാപകർ എന്നിവർ താഴെപ്പറയുന്ന മുൻകരുതലുകൾ എടുക്കാൻ താൽപ്പര്യപ്പെടുന്നു.

1. തങ്ങളുടെ കുട്ടികൾ ദിവസവും പുറത്ത് പോകുന്നതും തിരികെ വീട്ടിൽ എത്തുന്നതും യഥാസമയം ആണെന്ന് ഉറപ്പ് വരുത്തുക.
2. കുട്ടികൾക്ക് മൊബൈൽഫോൺ വാങ്ങികൊടുക്കാതിരിക്കുക.
3. മറ്റാരെങ്കിലും വാങ്ങിക്കൊടുക്കുന്ന മൊബൈൽഫോൺ കുട്ടി ഉപയോഗിക്കുന്നുണ്ടോ എന്നു ശ്രദ്ധിക്കുക.
4. അനിവാര്യമായ സാഹചര്യത്തിൽ ഫോൺകൊടുക്കേണ്ടിവന്നാൽ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തുക.
5. കുട്ടിയുടെ ഫോണിലേക്ക് വിളിക്കുന്നതും എസ്.എം.എസ് സന്ദേശങ്ങൾ അയക്കുന്നതും ആരാണ് എന്ന് മനസ്സിലാക്കുക.
6. കുട്ടികൾക്ക് തങ്ങളുടെ പ്രശ്നങ്ങൾ വീട്ടുകാരുമായി ചർച്ചചെയ്യാൻ അവസരം നൽകുക.
7. വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ സൗമ്യമായി അത് തിരുത്താൻ രക്ഷകർത്താക്കൾ ശ്രമിക്കുക.
8. അനാവശ്യമായ കുറ്റപ്പെടുത്തലുകൾ ഒഴിവാക്കുക.
9. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ, കിംവദന്തികൾ എന്നിവയെ ചെറുക്കാൻ മാനസികമായ പിന്തുണ കുട്ടികൾക്ക് നൽകുക.
10. പ്രലോഭനങ്ങളിൽ കുട്ടികൾ വശംവദരാകാതിരിക്കാൻ കുട്ടികളെ ബോധവൽക്കരിക്കുക.
11. അത്യാവശ്യ സന്ദർഭങ്ങളിൽ കൗൺസിലിംഗ്/വിദഗ്ധോപദേശം എന്നിവ ഏർപ്പെടുത്തുക.
12. മെച്ചപ്പെട്ട കുടുംബാന്തരീക്ഷം സൃഷ്ടിക്കുക.
13. ഏത് പ്രശ്നവും കൂട്ടായി ചർച്ചചെയ്ത് പരിഹരിക്കാൻ മാതാപിതാക്കൾ മുൻകൈ എടുക്കുക.
14. മാതാപിതാക്കൾ കുട്ടികളുമായി സൗഹൃദം വളർത്തുക.
15. കുട്ടികളിലുണ്ടാകുന്ന അനാരോഗ്യപരമായ മാറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അദ്ധ്യാപകർ രക്ഷിതാക്കളെ അറിയിക്കേണ്ടതും സത്വരനടപടികൾ സ്വീകരിക്കുകയും ചെയ്യുക.